# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5006 — 28.10.2016 ലെ മറുപടിയ്ക്ക്

## അഗ്രോ പാർക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഗ്രോ പാർക്ക് സ്ഥാപിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഒരു ജില്ലയിൽ എത്ര അഗ്രോപാർക്കുകൾ സ്ഥാപിക്കുമെന്നും തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് അഗ്രോപാർക്ക് സ്ഥാപിക്കുന്നതെന്നും ആറ്റിങ്ങലിനെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് ജില്ലാ കാർഷിക ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി മൂല്യ വർദ്ധിത കാർഷികോല്പന്നങ്ങൾക്കു വേണ്ടിയുള്ള ചെറുകിട ഇടത്തരം അഗ്രോ പാർക്കുകളുടെ ശൃംഖല സ്ഥാപിക്കുന്നതിനായി പ്രത്യേക നിക്ഷേപ നിധിയിൽ നിന്നും 500 കോടി രൂപ നീക്കിവയ്ക്കുന്നതായി 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ജില്ലകളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br><br>1. തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ നാളികേര അഗ്രോ പാർക്കുകൾ .<br>2. പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകളിൽ നെല്ലിനെ ആസ്പദമാക്കിയുള്ള അഗ്രോ പാർക്കുകൾ,<br>3. തൃശ്ശൂരിൽ വാഴപ്പഴവും തേനും ആസ്പദമാക്കിയുള്ള അഗ്രോപാർക്കുകൾ.<br>4. ഇടുക്കി, വയനാട് ജില്ലകളിൽ സ്പൈസസ് പാർക്കുകൾ<br>5. കോട്ടയം, പത്തനംതിട്ട ജില്ലകളിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ.<br>6. തൃശ്ശൂർ ജില്ലയിലെ മാള കേന്ദ്രീകരിച്ച് ചക്കയ്ക്കു വേണ്ടിയുള്ള അഗ്രോപാർക്ക്.<br>7. ഇടുക്കി കാന്തല്ലൂരിൽ പച്ചക്കറി മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ അഗ്രോ പാർക്കുകൾ |

| | | | |
|---|---|---|---|
| | | | അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല. |
| **(ബി)** | അഗ്രോ പാർക്കിന്റെ ഘടനയും പ്രവർത്തനവും ഉദ്ദേശലക്ഷ്യങ്ങളും വ്യക്തമാക്കാമോ; ഇതിനാവശ്യമായ സ്ഥലത്തിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കാമോ; | **(ബി)** | കാർഷികോല്പന്നങ്ങളുടെ മൂല്യ വർദ്ധനവിലൂടെ കർഷകർക്ക് അധിക വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. |
| **(സി)** | ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സിനോട് ചേർന്നു കിടക്കുന്ന സ്ഥലം ഇതിന് അനുയോജ്യമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ? | **(സി)** | ഇതു സംബന്ധിച്ച പരിശോധനകൾ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ